**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 457** **28-06-2022 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ എം.എൽ.എ എസ്.ഡി.എഫ്, എ.ഡി.എസ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്റഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2019-20, 2020-21 വർഷങ്ങളിൽ മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ എം.എൽ.എ. എസ്.ഡി.എഫ്., എ.ഡി.എസ്. എന്നിവയിൽ ഉൾപ്പെട്ട പദ്ധതികളിൽ ഭരണാനുമതി ലഭിക്കാത്ത പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ; | (എ) | 2019-20 സാമ്പത്തിക വർഷത്തിലെ പ്രത്യേക വികസന നിധിയിലും, ആസ്തി വികസന പദ്ധതിയിലുമുള്ള എല്ലാ പ്രവൃത്തികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകാനുള്ള പ്രവൃത്തികൾ സംബന്ധിച്ച വിവരം **അനുബന്ധം - I** ആയി ചേർത്തിരിക്കുന്നു. |
| (ബി) | പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്നു വിശദമാക്കുമോ; | (ബി) | പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം - II** ആയി ചേർത്തിരിക്കുന്നു. അവ പരിഹരിക്കുന്ന മുറയ്ക്ക് പദ്ധതികൾക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (സി) | പ്രസ്തുത പദ്ധതികൾക്ക് എപ്പോൾ ഭരണാനുമതി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (സി) | പ്രസ്തുത പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ സംബന്ധിച്ച വിവരങ്ങൾ **അനുബന്ധം - II** ആയി ചേർത്തിരിക്കുന്നു. അവ പരിഹരിക്കുന്ന മുറയ്ക്ക് പദ്ധതികൾക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - I

## ഭരണാനുമതി ലഭ്യമാകാനുള്ള പ്രവൃത്തികൾ

### പ്രത്യേക വികസന പദ്ധതി

1. അമ്മേരി ബെദ്റോഡി റോഡ് (പൈവളിഗെ)
2. മുഗ്ഗ റോഡ് ബസ് സ്റ്റോപ്പിന് പിറക് വശത്ത് നടപ്പാലം
3. മുഖാരിക്കണ്ടം റോഡരികിൽ ബസ് യാത്രക്കാർക്കുള്ള നിൽപ്പ് സ്ഥലം(പുത്തിഗെ)
4. പാറ റോഡ് ഉർദൂർ റോഡ് കോൺക്രീറ്റ്(മഞ്ചേശ്വരം)
5. നാട്ടക്കൽ-എസ്.കെ. റോഡ്(കുമ്പള)

### ആസ്തി വികസന പദ്ധതി

1. ബൈദല ജുമാ മസ്ജിദ് അടുക്ക റോഡ് കോൺക്രീറ്റ്(മംഗൽപാടി ഗ്രാമപഞ്ചായത്ത്)
2. സ്കൂൾ ബസുകൾ മൊഗ്രാൽ വി.എച്ച്.എസ്.സി, കോയിപ്പാടി കടപ്പുറം എൽ.പി സ്കൂൾ, കെ.എം.എ.യു.പി സ്കൂൾ, ആരിക്കാടി
3. ബംബ്രാണ ജം. മുതൽ കക്കളം വരെയുള്ള റോഡിന്റെ വശങ്ങളിൽ ഡ്രയിനേജ് നിർമ്മാണവും, ഇന്റർലോക്കും
4. ബജൽ കര്യ-പൊയ്യ റോഡ്-വോർക്കാടി ഗ്രാമപഞ്ചായത്ത്
5. സാറാടി പാലം നിർമ്മാണവും അനുബന്ധ റോഡും-പുത്തിഗെ ഗ്രാമപഞ്ചായത്ത്
6. ശെറൂലാബാദ്-പുഴക്കര റോഡും പാർശ്വ സംരക്ഷണവും-കോൺക്രീറ്റ്-പുത്തിഗെ ഗ്രാമ പഞ്ചായത്ത്
7. മഞ്ചലഗുഡാ-മാക്കാളി റോഡും ചെറുപാലവും മീഞ്ച ഗ്രാമപഞ്ചായത്ത്

## അനുബന്ധം -II

## ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള തടസ്സങ്ങൾ

| പ്രത്യേക വികസന നിധി | | |
|---|---|---|
| 1 | അമ്മേരി ബെദ്റോഡ് റോഡ്(പൈവളിഗെ) | ആസ്തി രജിസ്റ്ററിൽ പേര് ഇല്ല |
| 2 | മുഗ റോഡ് ബസ് സ്റ്റോപ്പിനു പിറക് വശത്ത് നടപ്പാലം | എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടില്ല (പി.ഡബ്ല്യൂ.ഡി യുടെ എൻ.ഒ.സി ലഭിക്കാത്തതിനാൽ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ വൈകി. ഇപ്പോൾ എൻ.ഒ.സി ലഭ്യമായിട്ടുണ്ട്) |
| 3 | മുഖാരിക്കണ്ടം റോഡരികിൽ ബസ് യാത്രക്കാർക്കുള്ള നിൽപ്പ് സ്ഥലം(പുത്തിഗെ) | |
| 4 | പാറ റോഡ് ഉർദ്ദൂർ റോഡ് കോൺക്രീറ്റ്(മഞ്ചേശ്വരം) | എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടില്ല (വിജിലൻസ് കേസ് ഉണ്ടായിരുന്നു) |
| 5 | നാട്ടക്കൽ-എസ്.കെ. റോഡ്(കുമ്പള) | എസ്റ്റിമേറ്റ് ലഭിച്ചിട്ടില്ല |

| ആസ്തി വികസന പദ്ധതി | | |
|---|---|---|
| 1 | ബൈദല ജുമാ മസ്ജിദ് അട്ടക്ക റോഡ് കോൺക്രീറ്റിംഗ് (മംഗൽപാടി ഗ്രാമപഞ്ചായത്ത്) | റീ-ടാറിംഗ് ചെയ്താൽ നിലനിൽക്കുമെന്നതിനാൽ സാങ്കേതികമായി കോൺക്രീറ്റ് റോഡ് ആവശ്യമില്ല എന്ന് അസി. എക്സി. എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് |
| 2 | സ്കൂൾ ബസുകൾ മൊഗ്രാൽ വി.എച്ച്.എസ്.സി സ്കൂൾ, കോയിപ്പാടി കടപ്പുറം എൽ.പി.സ്കൂൾ, കെ.എം.എ. യു.പി സ്കൂൾ, ആരിക്കാടി | കെ.എം.എ യു.പി സ്കൂൾ, ആരിക്കാടി എയ്ഡഡ് സ്കൂൾ ആയതിനാൽ പ്രത്യേകാനുമതി ആവശ്യമുണ്ട് |
| 3 | ബംബ്രണ ജം. മുതൽ കക്കളം വരെയുള്ള റോഡിന്റെ വശങ്ങളിൽ ഡ്രയിനേജ് നിർമ്മാണവും, ഇന്റർലോക്കും | എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്, പ്രവൃത്തിയുടെ പേര് മാറ്റേണ്ടതുണ്ട്. ആയതിന് അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതാണ്. |
| 4 | ബജൽ കുര്യ-പൊയ്യ റോഡ് - വോർക്കാടി ഗ്രാമ പഞ്ചായത്ത് | പഞ്ചായത്തിൽ നിന്നും ആസ്തി നമ്പർ ലഭ്യമായിട്ടില്ല |
| 5 | സാറാടി പാലം നിർമ്മാണവും അനുബന്ധ റോഡും-പുത്തിഗെ ഗ്രാമ പഞ്ചായത്ത് | ഫണ്ട് റിവിഷൻ 20.00 ലക്ഷം രൂപയാണ് പ്രവൃത്തിക്ക് വകയിരുത്തിയത്. 30.00 ലക്ഷം രൂപ ആവശ്യമുണ്ടെന്ന് അസി. എക്സി. എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| 6 | ശെറുലാബാദ്-പുഴക്കര റോഡും പാർശ്വ സംരക്ഷണവും - കോൺക്രീറ്റ്-പുത്തിഗെ ഗ്രാമ പഞ്ചായത്ത് | ടി റോഡ് പഞ്ചായത്ത് ആസ്തിയിൽ ഇല്ല |
| 7 | മഞ്ചലഗുഡാ-മാക്കാളി റോഡും ചെറു പാലവും ഗ്രാമ പഞ്ചായത്ത് | പഞ്ചായത്തിൽ നിന്നും ആസ്തി നമ്പർ ലഭ്യമായിട്ടില്ല. |